**തൃശ്ശൂർ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ & ജില്ലാ മജിസ്ട്രേറ്റിന്റെ നടപടിക്രമം**

*(ഹാജർ - ഷാനവാസ്. എസ്, IAS)*

വിഷയം - ദുരന്തനിവാരണനിയമം 2005 - കൊവിഡ് 19 അധിക പ്രതിരോധ പ്രതികരണ നടപടികൾ - തൃശ്ശൂർ ജില്ല - കണ്ടൈൻമെന്റ് സോണുകൾ പ്രഖ്യാപിച്ച് നിയന്ത്രണമാർഗ്ഗനിർദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം - 1) സംസ്ഥാന പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ് 23/04/2020 ന് പുറപ്പെടുവിച്ച സ ഉ (കൈ) നം 80/ 2020/ പൊ ഭ വ നമ്പർ സർക്കാർ ഉത്തരവ്

2) സംസ്ഥാന പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ് 18/05/2020 ന് പുറപ്പെടുവിച്ച സ ഉ (കൈ) നം 99/ 2020/ പൊ ഭ വ നമ്പർ സർക്കാർ ഉത്തരവ്

3) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 30/05/2020 ലെ 40-3/ 2020 / ഡി എം 1(എ) നമ്പർ ഉത്തരവ്

4) സംസ്ഥാന പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ് 01/06/2020 ന് പുറപ്പെടുവിച്ച സ ഉ (കൈ) നം 106/ 2020/ പൊ ഭ വ നമ്പർ സർക്കാർ ഉത്തരവ്

5) സംസ്ഥാന പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ് 07/06/2020 ന് പുറപ്പെടുവിച്ച സ ഉ (കൈ) നം 112/ 2020/ പൊ ഭ വ നമ്പർ സർക്കാർ ഉത്തരവ്

6) ഈ കാര്യാലയത്തിലെ 08/06/2020, 11/06/2020 എന്നീ തിയതികളിലെ ഇതേ നമ്പർ ഉത്തരവ്

7) ചാവക്കാട് ഇൻസിഡന്റ് കമാന്റർ & തഹസിൽദാരുടെ 12/06/2020 ലെ സി 2/ 3751/ 2020 നമ്പർ കത്ത്

**ഉത്തരവ് നമ്പർ - DCTSR/ H4/ 14476/ 2019**

കൊവിഡ് 19 രോഗവ്യാപനം ഫലപ്രദമായി തടയുന്നതിലേക്കായി രോഗവ്യാപനസാധ്യത കൂടുതലുള്ള പ്രദേശങ്ങളെ കണ്ടൈൻമെന്റ് സോണുകളായി പ്രഖ്യാപിച്ച് കർശന നിയന്ത്രണനടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ചും പ്രസ്തുത പ്രദേശത്തുള്ള സർക്കാർ / പൊതുമേഖല സ്ഥാപനങ്ങൾ, ബാങ്കിംഗ് സ്ഥാപനങ്ങൾ

എന്നിവയുടെ നടത്തിപ്പ് സംബന്ധിച്ചും വിശദമായ മാർഗ്ഗനിർദേശങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പരാമർശം 1 മുതൽ 5 വരെയുള്ള ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

പ്രസ്തുത ഉത്തരവുകളുടെയും മാർഗ്ഗനിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ കൊവിഡ് 19 രോഗവ്യാപന സാധ്യത കണക്കിലെടുത്ത് തൃശ്ശൂർ ജില്ലയിലെ രോഗപ്രതിരോധപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണസ്ഥാപന പ്രദേശങ്ങൾ കണ്ടൈൻമെന്റ് സോണുകളായി പ്രഖ്യാപിച്ചു കൊണ്ടും മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നിയന്ത്രണമാർഗ്ഗനിർദേശങ്ങൾ ഇവിടങ്ങളിൽ പ്രാബല്യത്തിൽ വരുത്തിക്കൊണ്ടും പരാമർശം 6 പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. ഇപ്രകാരം 11/06/2020 ൽ പുറപ്പെടുവിച്ച ഉത്തരവിൽ ചാവക്കാട് താലൂക്കിൽ മണത്തല വില്ലേജിൽ ഉൾപ്പെട്ടു വരുന്ന ചാവക്കാട് നഗരസഭയുടെ ഭാഗങ്ങളായ വാർഡ് 1 മുതൽ 4 വരെയും 16 മുതൽ 32 വരെയുമുള്ള വാർഡുകളിൽ അധികപ്രതിരോധ പ്രതികരണനിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. എന്നാൽ ചാവക്കാട് നഗരസഭ വാർഡ് 16 ലെ ഏതാനും ഭാഗങ്ങൾ ഗുരുവായൂർ വില്ലേജിൽ ഉൾപ്പെട്ടുവരുന്നുണ്ടെന്നും ഗുരുവായൂർ വില്ലേജിലെ ഭാഗങ്ങൾ പ്രസ്തുത ഉത്തരവിൽ പരാമർശിക്കാത്തതിനാൽ നിയന്ത്രണപ്രദേശപരിധി സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്നും ചാവക്കാട് താലൂക്ക് ഇൻസിഡന്റ് കമാന്റർ കൂടിയായ ചാവക്കാട് തഹസിൽദാർ പരാമർശം 7 പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

ഇക്കാര്യം വിശദമായി പരിശോധിച്ചു. ചാവക്കാട് നഗരസഭാ പ്രദേശം ചാവക്കാട് താലൂക്കിലെ മണത്തല, ഗുരുവായൂർ വില്ലേജുകൾ ഉൾപ്പെട്ടുവരുന്നതാണ്. ഇവിടെ മണത്തല വില്ലേജ് പരിധി മാത്രം കണ്ടൈൻമെന്റ് സോണായി പ്രഖ്യാപിച്ച് നിയന്ത്രണനടപടികൾ പ്രാബല്യത്തിൽ വരുത്തുന്നത് വഴി ചാവക്കാട് നഗരസഭയിൽ ഭാഗികമായി മാത്രം കണ്ടൈൻമെന്റ് നടപടികൾ നിലവിൽവരുന്നതിനും ആയത് നടപ്പിൽവരുത്തുന്നതിനായി അധികാരപ്പെട്ട ഉദ്യോഗസ്ഥർക്ക് ഒട്ടേറെ പ്രായോഗിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നതുമാണെന്ന് വ്യക്തമായി. മാത്രമല്ല ഒട്ടേറെ ഗുരുവായൂർ വില്ലേജ് പരിധിയിൽ വരുന്ന നഗരസഭാ പ്രദേശവും ജനസാന്ദ്രതയേറിയതും ഒട്ടേറെ വാണിജ്യ കച്ചവടസ്ഥാപനങ്ങളും ആളുകൾ കൂട്ടംകൂടുന്നതിന് സാധ്യതയുള്ളതുമായ പ്രദേശങ്ങൾ ഉൾപ്പെട്ടതുമായതിനാൽ പ്രസ്തുത പ്രദേശം കണ്ടൈൻമെന്റ് സോണായി പ്രഖ്യാപിച്ച് നിയന്ത്രണനടപടികൾ പ്രാബല്യത്തിൽ വരുത്താത്തപക്ഷം ചാവക്കാട് നഗരസഭാപ്രദേശത്ത് രോഗവ്യാപനം തടയുന്നതിനുള്ള നടപടികൾ പൂർണമായി നടപ്പിലാക്കുന്നതിന് കഴിയില്ലെന്ന് ബോധ്യപ്പെട്ടിരിക്കുന്നു.

ഈ സാഹചര്യത്തിൽ തൃശ്ശൂർ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാനും തൃശ്ശൂർ ജില്ലാ മജിസ്ട്രേറ്റുമായ ഷാനവാസ് എസ്, IAS എന്ന ഞാൻ, ദുരന്തനിവാരണനിയമം 2005 വകുപ്പ് 26, 30, 33, 34 എന്നിവയും 1897 ലെ പകർച്ചാവ്യാധി നിയമത്തിലെ വ്യവസ്ഥകളും 1973 ലെ ക്രിമിനൽ നിയമനടപടി സംഹിതയിലെ 144-ാം വകുപ്പും അതീവ ജാഗ്രത പുലർത്തേണ്ട കണ്ടൈൻമെന്റ് സോണുകളിൽ

രോഗപ്രതിരോധത്തിനാവശ്യമായ എല്ലാ നിയന്ത്രണങ്ങളും ഏർപ്പെടുത്തുന്നതിനായി പരാമർശം 1 മുതൽ 5 വരെയുള്ള ഉത്തരവുകൾ പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ളതും പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച്, പരാമർശം 6 പ്രകാരം 11/06/2020 ൽ പുറപ്പെടുവിച്ച ഉത്തരവ് ചുവടെ ചേർക്കുന്ന വ്യാപ്തിയിൽ ഭേദഗതി ചെയ്തു കൊണ്ട് ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം താഴേ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

ചാവക്കാട് താലൂക്ക് മണത്തല, ഗുരുവായൂർ വില്ലേജുകളിലായി ഉൾപ്പെട്ടുവരുന്ന ചാവക്കാട് നഗരസഭാ പ്രദേശം പൂർണമായും കൊവിഡ് 19 രോഗനിർവ്യാപന നടപടികളുടെ ഭാഗമായി കണ്ടൈൻമെന്റ് സോണായി ഇതിനാൽ പ്രഖ്യാപിക്കുന്നു. കണ്ടൈൻമെന്റ് സോണുകളുടെ നിയന്ത്രണം സംബന്ധിച്ച് പരാമർശം 1 മുതൽ 5 വരെയുള്ള ഉത്തരവുകൾ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ സുരക്ഷാമാർഗ്ഗനിർദേശങ്ങളും ചാവക്കാട് നഗരസഭാ പ്രദേശം മുഴുവനും ഇതിനാൽ പ്രാബല്യത്തിൽ വന്നിരിക്കുന്നു. പരാമർശം 6 പ്രകാരം 11/06/2020 ൽ പുറപ്പെടുവിച്ചിട്ടുള്ള അധികനിയന്ത്രണവ്യവസ്ഥകളും ഇവിടെ പ്രാബല്യത്തിലുണ്ടായിരിക്കും. പ്രസ്തുത നിയന്ത്രണങ്ങൾ ലംഘിച്ചു കൊണ്ടുള്ള യാതൊരു പ്രവർത്തനങ്ങളും കണ്ടൈൻമെന്റ് പ്രദേശങ്ങളിൽ അനുവദനീയമല്ലാത്തതാണ്.

കണ്ടൈൻമെന്റ് സോണുകളിൽ അവശ്യസർവീസുകൾ മാത്രമേ അനുവദനീയമായുള്ളൂ. മെഡിക്കൽ ആവശ്യങ്ങൾ, അവശ്യസാധനങ്ങളുടെ വിതരണം എന്നീ പ്രവർത്തനങ്ങൾക്കൊഴികെയുള്ളവരുടെ സഞ്ചാരം കണ്ടൈൻമെന്റ് സോണുകളിൽ കർശനമായി നിയന്ത്രിക്കേണ്ടതാണ്. കണ്ടൈൻമെന്റ് സോണിൽ ഉൾപ്പെടുന്ന കോടതികൾ, ദുരന്തനിവാരണവുമായി ബന്ധപ്പെട്ട ജോലികൾ കൈകാര്യം ചെയ്യുന്ന കാര്യാലയങ്ങൾ എന്നിവയൊഴികെയുള്ള മറ്റെല്ലാ സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങളും കണ്ടൈൻമെന്റ് സോണായി നിലനിൽക്കുന്ന കാലയളവിൽ പ്രവർത്തിക്കുന്നത് അനുവദനീയമല്ലാത്തതാണ്. മേൽ സൂചിപ്പിച്ച പ്രകാരം പ്രവർത്തനാനുമതി നൽകിയിട്ടുള്ള കാര്യാലയങ്ങൾ സംസ്ഥാന പൊതുഭരണ വകുപ്പ് (രഹസ്യവിഭാഗം) വകുപ്പ് പരാമർശം 5 പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരം ഏറ്റവും കുറവ് ജീവനക്കാരെ ഉപയോഗിച്ചു പ്രവർത്തിക്കേണ്ടതാണ്.

കണ്ടൈൻമെന്റ് സോണിൽ പ്രവർത്തിച്ചു വരുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ പ്രവൃത്തിദിവസങ്ങളിൽ ഉച്ചതിരിഞ്ഞ് 2 മണി വരെ പരമാവധി പകുതി ജീവനക്കാരെ മാത്രം ജോലിക്ക് നിയോഗിച്ച് പ്രവർത്തിക്കേണ്ടതാണ്. ഒരേ സമയം 3 ഉപഭോക്താക്കൾക്കു മാത്രം സ്ഥാപനത്തിനകത്ത് പ്രവേശനാനുമതി നൽകേണ്ടതാണ്. ജീവനക്കാരെ ജോലിക്ക് നിയോഗിക്കേണ്ടതിൽ സംസ്ഥാന പൊതുഭരണ വകുപ്പ് (രഹസ്യവിഭാഗം) വകുപ്പ് പരാമർശം 5 പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

മേൽ പരാമർശിച്ചിട്ടുള്ള വ്യവസ്ഥകളെല്ലാം ഈ കാര്യാലയത്തിൽ നിന്നും കണ്ടൈൻമെന്റ് സോണുകൾ പ്രഖ്യാപിച്ചുകൊണ്ടും നിയന്ത്രണനടപടികൾ ഏർപ്പെടുത്തിക്കൊണ്ടും പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉത്തരവുകൾക്കും ബാധകമായിരിക്കും.

ഉത്തരവ് ലംഘിക്കുന്നവർക്കെതിരെയും ലംഘിക്കുവാൻ പ്രേരിപ്പിക്കുന്നവർക്കെതിരെയും ബന്ധപ്പെട്ട നിയമങ്ങൾക്കു പുറമേ ദുരന്തനിവാരണനിയമം 2005 ലെ അധ്യായം X പ്രകാരമുള്ള ശിക്ഷാനടപടികൾ കൂടി സ്വീകരിക്കുന്നതായിരിക്കും.

*(2020 ജൂൺ മാസം 12 -ാം തിയതി എന്റെ കൈയ്യൊപ്പോടു കൂടി ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു)*

(ഒപ്പ്)

ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ & ജില്ലാ മജിസ്ട്രേറ്റ്,

തൃശ്ശൂർ

സ്വീകർത്താവ്,

1. ജില്ലാ പോലീസ് മേധാവി, തൃശ്ശൂർ സിറ്റി
2. ജില്ലാ പോലീസ് മേധാവി, തൃശ്ശൂർ റൂറൽ
3. ജില്ലയിലെ എല്ലാ സർക്കാർ / അർദ്ധ സർക്കാർ / പൊതുമേഖല വകുപ്പ് / സ്ഥാപന മേധാവികൾക്കും
4. തഹസിൽദാർ & ഇൻസിഡന്റ് കമാന്റർ, ചാവക്കാട് താലൂക്ക്
5. സെക്രട്ടറി, ചാവക്കാട് മുൻസിപ്പാലിറ്റി
6. സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ
7. ജില്ലയിലെ മറ്റെല്ലാ മുൻസിപ്പാലിറ്റി സെക്രട്ടറിമാർക്കും
8. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തൃശ്ശൂർ (ജില്ലയിലെ മുഴുവൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും അറിയിപ്പ് നൽകുന്നതിനായി)
9. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തൃശ്ശൂർ
10. ലീഡ് ബാങ്ക് മാനേജർ, തൃശ്ശൂർ

പകർപ്പ്,

1. അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, തൃശ്ശൂർ
2. സബ് കളക്ടർ, തൃശ്ശൂർ
3. റവന്യൂ ഡിവിഷണൽ ഓഫീസർ, ഇരിങ്ങാലക്കുട
4. ഡെപ്യൂട്ടി കമ്മീഷണർ, എക്സൈസ്, തൃശ്ശൂർ
5. ഡെപ്യൂട്ടി കളക്ടർ (ഡി എം), തൃശ്ശൂർ
6. ജില്ലയിലെ എല്ലാ ഡെപ്യൂട്ടി കളക്ടർമാർക്കും

7. ജില്ലയിലെ എല്ലാ താലൂക്ക് തഹസിൽദാർമാർക്കും
8. ജില്ലാ ദുരന്തനിവാരണ അതോറിറ്റി അംഗങ്ങൾക്ക്
9. ജില്ലാ ലേബർ ഓഫീസർ, തൃശ്ശൂർ
10. വിദ്യാഭ്യാസ ഉപ ഡയറക്ടർ, തൃശ്ശൂർ
11. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, തൃശ്ശൂർ - ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിൽ ആവശ്യമായ പ്രചരണത്തിനായി
12. ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ, NIC, തൃശ്ശൂർ - ജില്ലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിനായി
13. ജില്ലാ ലേബർ ഓഫീസർ, തൃശ്ശൂർ
14. ജില്ലാ കളക്ടറുടെ സി എ                ഉത്തരവിൻപ്രകാരം,
15. കെ 1
16. കരുതൽ ഫയൽ - എച്ച് 4                ഡെപ്യൂട്ടി കളക്ടർ (ഡി എം)